(സി) രണ്ടാം ഗ്രേഡ് ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലേക്ക് പുനർ വിന്യാസം വഴി നിയമനം നടത്താനുദ്ദേശമുണ്ടോ; എങ്കിൽ എത്ര പേരെ എന്നറിയിക്കാമോ;

(ഡി) നിലവിലുള്ള റാങ്ക്ലിസ്റ്റിൽനിന്നും പത്തനംതിട്ട ജില്ലയിൽ ഇതുവരെ ആരെയും നിയമിച്ചിട്ടില്ല എന്നത് പരിഗണിച്ച് പ്രസ്തുത തസ്തികയിൽ പുനർവിന്യാസംവഴി നിയമനം നടത്തുമ്പോൾ പത്തനംതിട്ട ജില്ലയെ പ്രസ്തുത പുനർവിന്യാസത്തിൽനിന്നും ഒഴിവാക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ദേശീയ കുഷ്ഠരോഗ നിർമ്മാർജ്ജന പരിപാടിക്കുള്ള കേന്ദ്രസഹായം 2004 മാർച്ച് മാസത്തോടെ അവസാനിക്കുകയുണ്ടായി. പ്രസ്തുത പരിപാടിയിലെ ജീവനക്കാരെ പൊതുജനാരോഗ്യ വിഭാഗം ജീവനക്കാരുമായി സംയോജിപ്പിക്കാനുള്ള നയപരമായ തീരുമാനം സർക്കാർ കൈക്കൊണ്ടിരുന്നു. ആയതിനാൽ പ്രസ്തുത ജീവനക്കാരെ സർക്കാർ തീരുമാനമനുസരിച്ച് പൊതുജനാരോഗ്യ വകുപ്പിലേക്ക് സംയോജിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. പ്രസ്തുത സംയോജനത്തിനാവശ്യമായ ഒഴിവുകൾ കരുതേണ്ടിയിരുന്നതിനാൽ യാതൊരു വിധത്തിലുള്ള നിയമനവും നടത്തിയില്ല. ആയതിന്റെ ഭാഗമായി ടി ലിസ്റ്റിൽനിന്നും ആരെയും നിയമിക്കുവാൻ കഴിഞ്ഞിട്ടില്ല.

(ബി) ഒരാൾക്ക് ഇന്റർഡിസ്ട്രിക്ട് ട്രാൻസ്ഫർ നൽകി.

(സി) ഉത്തരം (എ)യിൽ സൂചിപ്പിച്ചതുപോലെ ദേശീയ കുഷ്ഠരോഗ നിർമ്മാർജന പരിപാടിയിലെ ജീവനക്കാരെ സംയോജിപ്പിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഏകദേശം 400 പേരെയാണ് പുനർവിന്യാസം നടത്താൻ ഉദ്ദേശിക്കുന്നത്.

(ഡി) ദേശീയ കുഷ്ഠരോഗ നിർമ്മാർജ്ജന പരിപാടിയിലെ ജീവനക്കാരെ സംയോജിപ്പിക്കുവാൻ പത്തനംതിട്ട ജില്ലയുൾപ്പെടെയുള്ള ജില്ലകളിലെ ഒഴിവുകളാണ് കണക്കാക്കിയിരിക്കുന്നതിനാൽ ഈ നിർദ്ദേശം പ്രായോഗികമല്ല

സർക്കാർ ആശുപത്രികളിലെ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുടെ സ്റ്റാഫ് പാറ്റേൺ

153 [2646] ശ്രീമതി. എലിസബത്ത് മാമ്മൻ മത്തായി:
ശ്രീ. സ്റ്റീഫൻ ജോർജ്ജ്:
,, തോമസ് ഉണ്ണിയാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ആശുപത്രികളിലെ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുടെ സ്റ്റാഫ് പാറ്റേൺ 1962-ലേതാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സ്റ്റാഫ് പാറ്റേൺ പുതുക്കുന്നതിന് ആലോചിക്കുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുടെ സ്റ്റാഫ് പാറ്റേൺ പുതുക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം ലഭിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത നിവേദനത്തിൻമേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നറിയിക്കാമോ;

(ഇ) നിവേദനത്തിന്റെ അടിസ്ഥാനത്തിൽ ആരോഗ്യവകുപ്പ് മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുമായി ചർച്ച ചെയ്യുന്നതിന് സന്നദ്ധമാകുമോ;

(എഫ്) ആരോഗ്യവകുപ്പിൽ പുതിയതായി 1250 വിവിധ തസ്തികകൾ സൃഷ്ടിച്ചതിന് ആനുപാതികമായി മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരെ നിയമിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ആശുപത്രികളിലെ മിനിസ്റ്റീരിയൽ ജീവനക്കാരുടെ പാറ്റേൺ സർക്കാർ ഉത്തരവ് ആർ.ടി. 3150/61/ഹെൽത്ത് നമ്പരായി 2-8-1961-ൽ ഇറങ്ങിയ ഉത്തരവ് പ്രകാരമാണ് നിലവിലുള്ളത്.

(ബി) ഇപ്പോൾ ആലോചനയില്ല.

(സി) ഉണ്ട്.

(ഡി) നിവേദനം പരിശോധിച്ചുവരുന്നു.

(ഇ) ചർച്ച ചെയ്യേണ്ടതായി വന്നാൽ അക്കാര്യം അപ്പോൾ തീരുമാനിക്കുന്നതാണ്.

(എഫ്) പുതുതായി സൃഷ്ടിച്ച 1200 തസ്തികകൾക്ക് ആനുപാതികമായി മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുടെ തസ്തിക സൃഷ്ടിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിൽ ഇല്ല.

കാസർഗോഡ് ജില്ലയിലെ പി.എച്ച്.സി.-കളിൽ തസ്തികകൾ അനുവദിക്കാൻ നടപടി

154 [2647] ശ്രീ. കെ.പി. സതീശ്ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഉണ്ടായിട്ടും തസ്തികകൾ അനുവദിക്കാത്തതിനാൽ ഐ.പി. വിഭാഗം പ്രവർത്തിക്കാനാകാതെ കാസർഗോഡ് ജില്ലയിലെ കയ്യൂർ, മാവിലാക്കടപ്പുറം, കൊടക്കാട്, ചിറ്റാരിക്കാൽ, നറുക്കിലക്കാട്, പടന്ന, ചെറുവത്തൂർ പി.എച്ച്.സി.-കളിലും കണ്ണൂർ ജില്ലയിലെ പുളിങ്ങോം, പെരിങ്ങോം, കാങ്കോൽ പി.എച്ച്.സി.-കളിലും ആവശ്യമായ തസ്തികകൾ അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച നടപടികൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly